# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി-പി4-20/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 13/01/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി-പി4-20/2022 തീയ്യതി: 13/01/2022

## വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 30-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഉണ്ണി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 16-11-2021 | 04-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-11-2021 | 04-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ലീലകൃഷ്ണൻ എൻ.എം., ഓഡിറ്റ് ഓഫിസർ

ശ്രീ. നവാസ് കെ.എം., അസി. ഓഡിറ്റ് ഓഫിസർ

ശ്രീ. കെ.വി. ഡേവിഡ്, അസി. ഓഡിറ്റ് ഓഫിസർ

ശ്രീ. അലി അക്ബർ കെ. അസി. ഓഡിറ്റ് ഓഫിസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ. ശോഭൻകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. റ്റി.വിജയൻ | സെക്രട്ടറി | 01-04-2019 | 24-04-2019 |
| ശ്രീമതി ഷോബി കെ.ബി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-04-2019 | 19-06-2019 |
| ശ്രീ. ഉസ്മാൻ വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-06-2019 | 30-06-2019 |
| ശ്രീ. റ്റി.വിജയൻ | സെക്രട്ടറി | 01-07-2019 | 11-07-2019 |
| ശ്രീമതി ഷോബി കെ.ബി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-07-2019 | 29-07-2019 |
| ശ്രീമതി ഹേമലത എം.ആർ. | സെക്രട്ടറി | 30-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷോബി കെ.ബി. | അസി. സെക്രട്ടറി | 01-04-2019 | 13-12-2019 |
| ശ്രീ. ഷാജു | അസി. സെക്രട്ടറി | 13-12-2019 | 31-01-2020 |
| ശ്രീ. ഷാജികുമാർ | അസി. സെക്രട്ടറി | 01-02-2020 | 31-03-2020 |
| ശ്രീമതി ചിത്ര എ. ആർ. | കൃഷി ഓഫിസർ | 01-04-2019 | 20-07-2019 |
| ശ്രീമതി അനുപമ കൃഷ്ണൻ | കൃഷി ഓഫിസർ | 21-07-2019 | 30-11-2020 |
| ശ്രീമതി സുമിന ടി.എസ്. | കൃഷി ഓഫിസർ | 01-12-2019 | 31-03-2020 |
| ഡോ. അസൈനാർ കെ. | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ദാഹർ മുഹമ്മദ് വി.പി. | മോഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ. രഞ്ജിത്ത് കെ.ജി. | മെഡിക്കൽ ഓഫീസർ (ഹോമിയോ)) | 01-04-2019 | 31-03-2020 |
| ശ്രീ. ശ്രീജിത്ത് എസ്. | അസി. എഞ്ചിനീയർ | 01-04-2019 | 31-12-2019 |
| ശ്രീ. സുരേഷ് കെ. എസ്. | അസി. എഞ്ചിനീയർ | 31-12-2019 | 02-02-2020 |
| ശ്രീ. ബിജു വി.ജി. | അസി. എഞ്ചിനീയർ | 05-02-2020 | 31-03-2020 |
| ശ്രീമതി ഷാലി ടി.സി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. സുരേന്ദ്രൻ കെ.എ. | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ. ബിജു കെ.ജെ. | വി.ഇ.ഒ. | 01-04-2019 | 21-10-2019 |
| ശ്രീ. ലെനിൻ | വി.ഇ.ഒ. | 22-10-2019 | 31-03-2020 |
| ഡോ.നിഷ വി .കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: David K.V (Asst. Audit Officer, On 08-12-2021)<br>Last Updated By: Unni P.K (Deputy Director, On 10-01-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: David K.V (Asst. Audit Officer, On 08-12-2021)<br>Last Updated By: Unni P.K (Deputy Director, On 10-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: David K.V (Asst. Audit Officer, On 08-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: David K.V (Asst. Audit Officer, On 08-12-2021)<br>Last Updated By: Unni P.K (Deputy Director, On 10-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: David K.V (Asst. Audit Officer, On 08-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: David K.V (Asst. Audit Officer, On 08-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: David K.V (Asst. Audit Officer, On 08-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: David K.V (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: David K.V (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: David K.V (Asst. Audit Officer, On 08-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: David K.V (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-11 |
| 12 | വസ്തു നികുതി പിരിവ് - നികുതി കുറച്ച നിർണ്ണയിക്കുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni P.K (Deputy Director, On 10-01-2022) | 1-12 |
| 13 | കൺമണി പദ്ധതി - പദ്ധതി മാർഗ്ഗരേഖ ലംഘനം.<br>Written By: David K.V (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni P.K (Deputy Director, On 10-01-2022) | 1-13 |
| 14 | എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അർഹത സംബന്ധിച്ച് രേഖ ഹാജരാക്കിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-14 |

| | | |
|---|---|---|
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്<br>Written By: K.M.Navaz (Asst. Audit Officer, On 07-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-15 |
| 16 | തൊഴിലുറപ്പ് വിഭാഗം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്<br>Written By: K.M.Navaz (Asst. Audit Officer, On 07-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-16 |
| 17 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 07-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-17 |
| 18 | വയോജനങ്ങൾക്ക് കട്ടിൽ(TSP)പദ്ധതിനടത്തിപ്പിലെ അപാകതകൾ<br>Written By: K.M.Navaz (Asst. Audit Officer, On 07-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-18 |
| 19 | ജാഗ്രത സമിതി & ജെൻഡർ റിസോഴ്സ് സെന്റർ - അപാകതകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-19 |
| 20 | ലൈഫ് പദ്ധതി ഒന്നാം ഘട്ടം ST -വീടുകൾ പണി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-20 |
| 21 | മുത്തങ്ങ ബ്രാൻഡഡ് റൈസ് പദ്ധതി - ലക്ഷ്യം കൈവരിച്ചിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-21 |
| 22 | വീട് വാസ യോഗ്യമാക്കൽ ടി.എസ്.പി - ₹ 5000/- കൂടുതൽ നൽകി<br>Written By: Ali Akbar. K (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-22 |
| 23 | അസി. എഞ്ചിനീയർ നിർവ്വഹണം-പദ്ധതി നിരവ്വഹണം കാര്യക്ഷമമല്ലാത്തതിനാൽ വലിയ തുക 7 കോടി രൂപ പഴാക്കിയത്-സംബ.<br>Written By: Ali Akbar. K (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-23 |
| 24 | അസി. എഞ്ചിനീയർ നിർവ്വഹണം-പൊതു അപാകതകൾ-<br>Written By: Ali Akbar. K (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-24 |
| 25 | വിനോദ് ലൈബ്രറി നവീകരണം-സ്ഥാപനം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഇല്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-25 |
| 26 | കരാറുകാർക്ക് സമയം നീട്ടി നൽകൽ-പിഴ ഈടാക്കിയിട്ടില്ല- 2,26,766/- രൂപയുടെ നഷ്ടം സംഭവിച്ചു.<br>Written By: Ali Akbar. K (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-26 |
| 27 | പൊട്ടഞ്ചിറ കുമിൾപ്പുര റോഡ് ഫോർമേഷൻ-9571/- രൂപ അധികം നൽകി.<br>Written By: Ali Akbar. K (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni P.K (Deputy Director, On 13-01-2022) | 1-27 |
| 28 | എം എൻ ആർ ജി എ - ആസ്തി നിർമ്മാണ പ്രവൃത്തി -പ്രവൃത്തി പൂർത്തിയായതിന് ശേഷമുള്ള തീയതികളിലെ മസ്റ്റർ റോൾ പ്രകാരം ലേബർ വേജ് തുക അനുവദിച്ചു. | 1-28 |

| | | |
|---|---|---|
| | Written By: David K.V (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | |
| 29 | എം എൻ ആർ ജി എ – വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികൾ - പ്രവൃത്തി പൂർത്തിയാക്കുന്നതിന് മുമ്പേ നിർമ്മാണ സാധനങ്ങളുടെ വില അനുവദിച്ചു.<br>Written By: David K.V (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-29 |
| 30 | എം എൻ ആർ ജി എ – ആസ്തി നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണത്തിലെ ന്യൂനതകൾ.<br>Written By: David K.V (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-30 |
| 31 | പദ്ധതി നിർവഹണം- സ്പെസിഫിക്കേഷൻ നിശ്ചയിക്കാത്തത്<br>Written By: Leelakrishnan.N.M (Audit Officer, On 28-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-31 |
| 32 | മരുന്നു വാങ്ങൽ- കാലഹരണ തീയതി സംബന്ധിച്ച്<br>Written By: Leelakrishnan.N.M (Audit Officer, On 28-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വീട് വാസ യോഗ്യമാക്കൽ ടി.എസ്.പി - ₹ 5000/- കൂടുതൽ നൽകി<br>Written By: Ali Akbar. K (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 3-1 |
| 2 | കൺമണി പദ്ധതി - പദ്ധതി മാർഗ്ഗരേഖ ലംഘനം.<br>Written By: David K.V (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: David K.V (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni P.K (Deputy Director, On 30-12-2021) | 4-1 |
| 2 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: David K.V (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 4-2 |
| 3 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: David K.V (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 4-3 |
| 4 | ഓഡിറ്റ് റിക്കവറി<br>Written By: David K.V (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 4-4 |
| 5 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: David K.V (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 4-5 |
| 6 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: David K.V (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 4-6 |
| 7 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: David K.V (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni P.K (Deputy Director, On 05-01-2022) | 4-7 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

12.02.2019 തീയതിയിലെ 1/2019 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 01.06.2020 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| വിവരണം | തുക |
|---|---|
| മുന്നിരിപ്പ് | 2,09,01,779 |
| വരവ് | 9,46,58,342 |
| ആകെ | 11,55,60,121 |
| ചെലവ് | 8,89,50,538 |
| നീക്കിയിരിപ്പ് | 2,66,09,583 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 26604059 | 26604059 | 17660962 | 8943097 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 2210294 | 2210294 | 1682000 | 528294 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 26434294 | 26434294 | 17222077 | 9212217 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 25575000 | 25575000 | 4459992 | 21115008 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 7308000 | 7308000 | 3134722 | 4173278 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 22269490 | 22269490 | 4820662 | 17448828 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 8488675 | 12382817 | 20871492 | 14736527 | 6134965 |
| സ്പെഷ്യൽ ടി.എസ്.ബി. (ജോയിന്റ് വെൻച്വർ) | 1392008 | 10575169 | 11967177 | 10575169 | 1392008 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 310 | 179373958 | 109 | 72546108 | 23 | 178 | 35.80% |

സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 61795 | 1920315 | 1982110 | 1237903 | 744207 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 67543291 | 67543291 | 67543291 | |
| ആകെ | 61795 | 69463606 | 69525401 | 68781194 | 744207 |

സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങളാണ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം 2019-20 വർഷത്തെ ആകെ ചെലവ് ₹68781684/- (I-6 Scshedule) ആണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2531400 | 332 |
| വിധവാപെൻഷൻ | 10419000 | 1356 |
| വാർദ്ധക്യകാലപെൻഷൻ | 13284300 | 1721 |
| വികലാംഗപെൻഷൻ | 2554000 | 314 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 4 |
| തൊഴിൽ രഹിത വേതനം | 21720 | 68 |
| 50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 419400 | 62 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.12.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2376/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കൃത്യമായി ഓഫീസ് മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് ഓർഡർ നൽകിയിട്ടുണ്ട്. ജീവനക്കാരുടെ പ്രവർത്തന അവലോകനം നടത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ക്ലറിക്കൽ ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടുണ്ട്. തപാൽ വിതരണം കാര്യക്ഷമമാണ്. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവിധ സ്റ്റാൻറിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ, കരട് പദ്ധതി നിർദ്ദേശങ്ങളുടെ വിശദമായ ചർച്ച തുടങ്ങിയവ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കരട് പദ്ധതി നിർദ്ദേശങ്ങൾ ഫോറം 1 ൽ തയ്യാറാക്കി സ്റ്റാൻറിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കാൻ ഉത്തരവാദിയായ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.11.2021 | 2020-21 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.01.2016 | 2010-11 മുതൽ 2014-15 വരെ | 04.03.2016 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.05.2020 -ലെ 1/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് ഓഡിറ്റിന് ലഭ്യമാക്കിയ 2019-20 വർഷത്തെ വാർഷിക കണക്കുകളിലെ ന്യൂനതകൾ താഴെപ്പറയുന്നു.

1. 01.06.2020- ന് ഓഡിറ്റിന് സമർപ്പിച്ച 2019-20 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല.
2. 17.06.2018 ലെ കെ.എസ്.എ (ഡബ്യൂ.വൈ.ഡി) പി4-511/18 നമ്പർ പ്രകാരം പുറപ്പെടുവിച്ച ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷികകണക്കുകൾക്കുള്ള സാക്ഷ്യപത്രത്തിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിരുന്ന അപാകതകൾ പരിഹരിച്ച് അറിയിച്ചിട്ടില്ല.
3. ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും ബി-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.
4. കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ ആസ്തികൾക്ക് രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രീസിയേഷന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.
5. ബാലൻസ് ഷീറ്റിലെ ബി-11 (എ) ഷെഡ്യൂളിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ₹ 304836/- രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
6. താഴെപ്പറയുന്ന അക്കൌണ്ടുകളുടെ ബാക്ക് പാസ് ബുക്ക്/സ്റ്റേറ്റ്മെന്റും റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | അക്കൌണ്ട് | ബാങ്ക് ബുക്ക് -നീക്കിയിരുപ്പ് |
|---|---|---|
| 1 | കോപ്പറേറ്റീവ് ബാങ്ക് ഓൺ ഫണ്ട് (66) | ₹100/- |
| 2 | SMGB -NFFWP 7475 | ₹766/- |
| 3 | Wayanad District Co-operative Bank -0051 | ₹1318/- |
| 4 | Bio Diversity Management Committee- KGB | ₹50795/- |

7. താഴെ പറയുന്ന ഇനങ്ങളുടെ കളക്ഷൻ ഡി.സി.ബി. രജിസ്റ്ററും വാർഷിക കണക്കുകളുമായി പെരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് | | ഡി.സി.ബി. രജിസ്റ്റർ | |
|---|---|---|---|---|
| | ഡിമാന്റ്(₹) | കളക്ഷൻ(₹) | ഡിമാന്റ്(₹) | കളക്ഷൻ(₹) |

| | | | | |
|---|---|---|---|---|
| വസ്തു നികുതി (ജീവനക്കാർ) | 1480550 | 1438940 | 1480550 | 1480550 |
| ബിലേറ്റഡ് ഫീ | 5550 | 5550 | 5475 | 5475 |

8. സംയുക്ത പ്രോജക്ടുകൾക്കുവേണ്ടി ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയിൽ ₹36,01,126/- ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം ബാക്കിയുണ്ട്. എന്നാൽ സംയുക്ത പ്രോജക്ടുകൾക്കുള്ള ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പ് ₹13,92,008/- ആണ്.
9. ബി-4 ഷെഡ്യൂളിൽ ബാധ്യത ആയി രേഖപ്പെടുത്തിയിട്ടുള്ള ടോട്ടൽ സാനിറ്റേഷൻ, ഐ.സി.ഡി.എസ്., ശുചിത്വ മിഷൻ തുടങ്ങിയ ഫണ്ടുകൾക്ക് പ്രത്യേക ബാങ്ക് അക്കൌണ്ടുകളിൽ സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത ഫണ്ടുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഫണ്ടുകളുടെയും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന്റെയും നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.
10. വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് രജിസ്റ്റർ പ്രകാരം വികസന ഫണ്ട് വരവ് ₹17,660,962/- എന്നാൽ എ.സി.ആർ. പ്രകാരം വരവ് ₹17,659,962/- ആണ്.
11. ബാലസ് ഷീറ്റ് പ്രകാരം ₹2,94,092/- ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ പ്രസ്തുത വിവരം രേഖപ്പെടുത്തിയിട്ടില്ല.
12. സാഫല്യം ലോണിന്റെ രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ ഒടുക്കാൻ ബാക്കിയുള്ള ലോണിന്റെ മുതൽ തുക ₹7680576/- യും പലിശ ₹637505/- യുമാണ്. എന്നാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ മുതലും പലിശയുമടക്കം ₹83,18,081/- ബാധ്യതയായി രേഖപ്പടുത്തിയിട്ടുണ്ട്.
13. തൻവർഷം പ്രോജക്ട് പ്രകാരം മെഡിക്കൽ ഓഫീസർ (ആയുർവേദം) (₹ 25000/-), കൃഷി ഓഫീസർ (₹9,300/-) എന്നിവർ ചെലവഴിച്ച ₹34,300/- വാർഷിക കണക്കിൽ പ്രയർ പിരീഡ് ചെലവിലാണ് (280800301 Prior Period - Operation And Maintenance Expences) ഉൾപ്പെടുത്തിയിട്ടുള്ളത്.
14. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രയർ പിരീഡ് ഐറ്റത്തിൽ 280100101 Prior Period Income- Property Tax On Residential Building എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ₹75000/- ചെലവ് രേഖപ്പടുത്തിയിട്ടുണ്ട്. ആയതിന് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
15. സാമ്പത്തിക വർഷാവസാനം പാസ്സാകാത്ത ട്രഷറി ബില്ലുകൾക്ക് ബാലൻസ്

ഷീറ്റിൽ ബാധ്യത രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ- 20/19-20/4.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 വസ്തു നികുതി പിരിവ് - നികുതി കുറച്ചു നിർണ്ണയിക്കുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു.

നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിൽ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

സ്റ്റർലിംഗ് ഹോളിഡേ റിസോർട്ട്, വള്ളുവാടി

പെർമിറ്റ് നം. എ2/ബിഎ(24565/2017/29.05.2017)

3, 4എ മുതൽ 4ടി വരെ എന്നിങ്ങനെ നമ്പർ നൽകിയിട്ടുണ്ട്. അസി.എഞ്ചിനീയറുടെ റിപ്പോർട്ട് ഇല്ലാതെയാണ് നമ്പർ അനുവദിച്ചിരിക്കുന്നത്. വസ്തു നികുതി കണക്കാക്കിയതിന്റെ കാര്യാലയ കുറിപ്പോ സെക്രട്ടറിയുടെ ഉത്തരവോ ഫയലിൽ ഇല്ല.

ഓഡിറ്റിന് ലഭ്യമാക്കിയ ഫോം6 പ്രകാരമുള്ള വിവരം താഴെ കൊടുക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 203 പ്രകാരം ഒരു കെട്ടിടത്തിനെ ഒരു യൂണിറ്റായി കണ്ടാണ് വസ്തു നികുതി നിർണ്ണയിക്കേണ്ടത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും -സർചാർജ്ജും) ചട്ടങ്ങളിൽ (പ്രകാരം 3(5), ചട്ടം 4 (1) എന്നിവ കാണുക) ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ ഉപയോഗ ക്രമങ്ങൾക്ക് (ഉദാ- വാണിജ്യം, താമസം മുതലായവ) ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമേ, അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ

കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകാൻ പാടുള്ളു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം 6 പട്ടിക 3 പ്രകാരം തറ വിസ്തീർണ്ണം, 200 ച.മീ, അല്ലെങ്കിൽ200 ച.മീൽ അധികവും 300 ച.മീൽ താഴെയും ആണെങ്കിൽ 10% വർദ്ധനയും , 300 ച.മീ, അല്ലെങ്കിൽ 300 ച.മീൽ അധികവും ആണെങ്കിൽ 20% വർദ്ധനയും വരുത്തേണ്ടതാണ്. ചട്ടം 6 പട്ടിക 6 പ്രകാരം തറ വിസ്തീർണ്ണം, 250 ച.മീൽ കൂടുതലുള്ള വക്ക് മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധന വരുത്തേണ്ടതാണ്.

| ക്രമ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം(ച.മീ) | ഫോം 6 പ്രകാരം ഈടാക്കിയിരിക്കുന്നത് (₹) | ഈടാക്കേണ്ടിയിരുന്നത് (₹) | വ്യത്യാസം (₹) |
|---|---|---|---|---|---|
| 1 | 3 | 36 | 36 X 5 = 180<br>വർദ്ധനവ് ഇല്ല<br>ഇളവ് ഇല്ല | 36 X 90 = 3240<br>വർദ്ധനവ് ഇല്ല<br>ഇളവ് ഇല്ല | 3060 |
| 2 | 4/A | 651.69 | 651.69 X 80 = 52135.2<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 15%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 45%<br>(52135.2 ന്റെ 45 % = 23460.84)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 52135.2+23460.84= 75597 | 651.69 X 90 = 58652.1<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 15%<br>എയർകണ്ടീഷണിംഗ് - 10%<br>തറ വിസ്തീർണ്ണം - 20%<br>ആകെ വർദ്ധനവ് - 65%<br>(58652.1 ന്റെ 65 % = 38123.8)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 58652.1+38123.8= 96776 | 21179 |
| 3 | 4/B | 651.7 | 651.7x 80 = 52136<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 15%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 45%<br>(52136ന്റെ 45 % = 23461.2)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 552136+223461.2 = 75597<br>വ്യാവസായിക ആവശ്യത്തിനുള്ള പരിമിതി - 71819 | 651.7x 90 = 58653<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 15%<br>എയർകണ്ടീഷണിംഗ് - 10%<br>തറ വിസ്തീർണ്ണം - 20%<br>ആകെ വർദ്ധനവ് - 65%<br>(558653 ന്റെ 65 % = 38123.8)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 58653+38123.8= 96776 | 21179 |
| 3 | 4/C | 412.52 | 412.52 X 90 = 37126.8<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 0%<br>എയർകണ്ടീഷണിംഗ് - 10% | 412.52 X 90 = 37126.8<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 15%<br>എയർകണ്ടീഷണിംഗ് - 10% | 12995 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ വർദ്ധനവ് - 30%<br>(37126.8 ന്റെ 30 % = 11138)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 37126.8+11138= 48265 | തറ വിസ്തീർണ്ണം - 20%<br>ആകെ വർദ്ധനവ് - 65%<br>(37126.8 ന്റെ 65 % = 24132.4)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 37126.8+24132.4=61260 | |
| 4 | 4/E | 237.78 | 237.78 X 90 = 21400.2<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 0%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 30%<br>(21400.2 ന്റെ 30 % = 6420)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 21400.2 +6420 = 27821 | 237.78 X 90 = 21400.2<br>വർദ്ധനവ്<br>വഴി - 20%<br>തറ വിസ്തീർണ്ണം - 10%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 40%<br>(21400.2 ന്റെ 40 % = 8560)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 21400.2 +8560= 29961 | 2140 |
| 5 | 4/F | 248.92 | 248.92 X 90 = 22402.8<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 0%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 30%<br>(22402.8 ന്റെ 30 % = 6720.8)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 22402.8 +6720.8 = 29124 | 248.92 X 90 = 22402.8<br>വർദ്ധനവ്<br>വഴി - 20%<br>തറ വിസ്തീർണ്ണം - 10%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 40%<br>(22402.8 ന്റെ 40 % = 8961.1)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 22402.8 +8961.1 = 31364 | 2240 |
| 6 | 4/G | 248.92 | 248.92 X 90 = 22402.8<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 0%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 30%<br>(22402.8 ന്റെ 30 % = 6720.8)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 22402.8 +6720.8 = 29124 | 248.92 X 90 = 22402.8<br>വർദ്ധനവ്<br>വഴി - 20%<br>തറ വിസ്തീർണ്ണം - 10%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 40%<br>(22402.8 ന്റെ 40 % = 8961.1)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 22402.8 +8961.1 = 31364 | 2240 |
| 7 | 4/L | 113.66 | 113.66 X 90 = 10229.4 | 113.66 X 160 = 18185.6 | 10343 |

| | | | | | |
|---|---|---|---|---|---|
| | | | വർദ്ധനവ്<br>വഴി - 20%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 30%<br>(10229.4 ന്റെ 30 % = 3068.8)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 10229.4 + 3068.8 = 13299 | (പൂർത്തീകരണ പ്ലാൻ പ്രകാരം സ്പാ ആണ്)<br>വർദ്ധനവ്<br>വഴി - 20%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 30%<br>(18185.6 ന്റെ 30 % = 5455.6)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 18185.6 + 5455.6= 23642 | |
| 8 | 4/M | 566.38 | 566.38 X 90 = 50974.2<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 0%<br>എയർകണ്ടീഷണിംഗ് - 0%<br>ആകെ വർദ്ധനവ് - 20%<br>(50974.2 ന്റെ 20 % = 10194.8)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 50974.2 +10194.8 = 61170 | 566.38 X 90 = 50974.2<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 15%<br>തറ വിസ്തീർണ്ണം - 20%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 65%<br>(50974.2 ന്റെ 65 % = 33133.2)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 50974.2 +33133.2 = 84108 | 22938 |
| 9 | 4/N | 2112.6 | 2112.6 X 55 = 116193<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 0%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 30%<br>(116193 ന്റെ 30 % = 34857.9)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 116193 + 34857.9 = 151051 | 2112.6 X 90 = 190134<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 15%<br>തറ വിസ്തീർണ്ണം - 20%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 65%<br>(190134 ന്റെ 65 % = 123587.1)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 190134 + 123587.1 = 313722 | 162671 |
| 10 | 4/Q | 330.17 | 330.17 X 90 = 29715.3<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 0%<br>എയർകണ്ടീഷണിംഗ് - 10% | 330.17 X 90 = 29715.3<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 15%<br>തറ വിസ്തീർണ്ണം - 20% | 10401 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ വർദ്ധനവ് - 30%<br>(29715.3 ന്റെ 30 % = 8914.5)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 29715.3 + 8914.5 = 38630 | എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 65%<br>(29715.3 ന്റെ 65 % = 19314.9)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 29715.3 + 19314.9= 49031 | |
| 11 | 4/P | 645.36 | 645.36 X 90 = 58082.4<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 0%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 30%<br>(58082.4 ന്റെ 30 % = 17424.7)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 58082.4 + 17424.7 = 75508 | 645.36 X 90 = 58082.4<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 15%<br>തറ വിസ്തീർണ്ണം - 20%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 65%<br>(58082.4 ന്റെ 65 % = 37753.5)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 58082.4 + 37753.5 = 95836 | 20328 |
| 12 | 4/R | 216.24 | 216.24 X 90 = 19461.6<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 0%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 30%<br>(19461.6 ന്റെ 30 % = 5838.4)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 19461.6 + 5838.4 = 25301 | 216.24 X 90 = 19461.6<br>വർദ്ധനവ്<br>വഴി - 20%<br>തറ വിസ്തീർണ്ണം - 10%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 40%<br>(19461.6 ന്റെ 40 % = 7784.6)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 19461.6 + 7784.6 = 27247 | 1946 |
| 13 | 4/S | 222 | 222 X 90 = 19980<br>വർദ്ധനവ്<br>വഴി - 20%<br>തറ നിർമ്മിതി - 0%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 30%<br>(19980 ന്റെ 30 % = 5994)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 19980 + 5994 = 25974 | 222 X 90 = 19980<br>വർദ്ധനവ്<br>വഴി - 20%<br>തറ വിസ്തീർണ്ണം - 10%<br>എയർകണ്ടീഷണിംഗ് - 10%<br>ആകെ വർദ്ധനവ് - 40%<br>(19980 ന്റെ 40 % = 7992)<br>ഇളവ് ഇല്ല<br>ആകെ വാർഷിക വസ്തുനികുതി = 19980 + 7992 = 27972 | 1998 |

| | |
|---|---|
| ആകെ | 2,95,658/- |

പൂർത്തീകരണ പ്ലാനിൽ നീന്തൽക്കുളം കാണിക്കുന്നുണ്ടെങ്കിലും നികുതി ഈടാക്കിയിട്ടില്ല. മുഴവൻ വിസ്തീർണ്ണത്തിനും വസ്തു നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കേണ്ടതാണ്. നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതി വിജ്ഞാപനം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/19-20/04.12.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പുനർ നിർണ്ണയിച്ച് നഷ്ടം ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 കൺമണി പദ്ധതി - പദ്ധതി മാർഗ്ഗരേഖ ലംഘനം.

പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കൊണ്ട് തൻ വർഷം രണ്ട് പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വിവിധ എൽ.പി. സ്കൂളുകളിൽ പഠിക്കുന്ന 9 - 12 വയസ് പ്രായപരിധിയിലുള്ള പട്ടിക വർഗ്ഗ വിഭാഗത്തിൽപെടുന്ന 50 വിദ്യാർത്ഥികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

- തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളെ വിവിധ മത്സര പരീക്ഷകൾ എഴുതാൻ പ്രാപ്തരാക്കുക.
- കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തൽ.
- വളരെ ചെറിയ പ്രായത്തിൽ തന്നെ ഭാവി വിദ്യാഭ്യാസം സംബന്ധിച്ച് കുട്ടികളിലും കുടുംബത്തിനും ധാരണ ഉണ്ടാക്കുക.
- കുട്ടികളുടെയും കുടുംബത്തിന്റെയും സാമൂഹികവും വൈകാരികവുമായ വാലിഡേഷൻ സാധ്യമാക്കുക

എന്നിവയാണ് പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ. ആഴ്ചയിൽ രണ്ട് ദിവസം (ശനി, ഞായർ) ഗ്രാമപഞ്ചായത്തിലെ ഒരു കേന്ദ്രത്തിൽ വിദ്യാർത്ഥികളെ എത്തിച്ച് പരിശീലനം നൽകുകയാണ് ചെയ്തിട്ടുള്ളത്.

രണ്ട് പ്രോജക്ടുകളിലുമായി ആകെ ചെലവ് ₹37,77,767/- ആണ്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പറും പ്രോജക്ടിന്റെ പേരും | എസ്.0198/20, കൺമണി പദ്ധതി | എസ്.0326/20, കൺമണി രണ്ടാം ഘട്ടം |
|---|---|---|
| അടങ്കൽ | ₹10,00,000/- (2019-20 - വർഷത്തേക്കുള്ള വകയിരുത്തൽ) | ₹30,00,000/- |
| ഫണ്ട് | വികസന ഫണ്ട് -ടി.എസ്.പി. | വികസന ഫണ്ട് -ടി.എസ്.പി. |
| ചെലവ് | ₹9,98,824/-(ട്രഷറി ബിൽ നം, 04/19-20, 18.09.2019) | 1)₹7,74,326/-(ട്രഷറി ബിൽ നം, 06/19-20, 02.10.2019)<br>2)₹5,98,330/-(ട്രഷറി ബിൽ നം, 10/19-20, 24.12.2019)<br>3)₹97,000/-(ട്രഷറി ബിൽ നം, 14/19-20, 24.12.2019)<br>4)₹326385/-(ട്രഷറി ബിൽ നം, 16/19-20,29.01.2020)<br>5)2,81,605/-(ട്രഷറി ബിൽ നം, 18/19-20, 26.02.2020)<br>6)₹4,78,102/-(ട്രഷറി ബിൽ നം, 22/19-20, 12.03.2020)<br>7)₹2,23,200/-(ട്രഷറി ബിൽ നം, 27/19-20, 30.03.2020)<br>ആകെ ചെലവ്:₹27,78,942/- |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | ഹോണറേറിയം | ₹15,28,500/- |
| 2 | ഹോട്ടൽ മുഖേന ഭക്ഷണം | ₹4,19,928/- |
| 3 | വാഹന വാടക | ₹7,45,660/- |
| 4 | വീട് വാടക | ₹2,08,000/- |
| 5 | നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് ചെലവഴിച്ചത് | ₹4,13,178/- |
| 6 | പ്രിന്റിംഗ് ചാർജ് | ₹1,37,835/- |
| 7 | മറ്റ് ചെലവുകൾ | ₹3,24,666/- |
| ആകെ | | ₹37,77,767/- |

പ്രോജക്റ്റുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) പ്രോജക്ട് പ്രകാരം ഹോണറേറിയം ഇനത്തിൽ ₹15,28,500/- ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം (സ.ഉ. (കൈ)നം. 22/2018/തസ്വഭവ, തീയതി: 14.02.2018) പ്രോജക്റ്റിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല. പദ്ധതി മാർഗ്ഗ രേഖ പ്രകാരം (സ.ഉ. (കൈ)നം. 11/2018/തസ്വഭവ, തീയതി: 29.01.2018) സന്നദ്ധ പ്രവർത്തകരായ യുവതി യുവാക്കൾ അധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് പഠന പരിപാടി ആവിഷ്കരിക്കേണ്ടതാണ്.

2) ഭക്ഷണം, വാഹന വാടക, പ്രിന്റിംഗ് എന്നീ ഇനങ്ങളിൽ വലിയ തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന് ടെണ്ടർ/ക്വട്ടേഷൻ വിളിച്ചിട്ടില്ല.

3) വാടക നൽകിയ വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല. ഭക്ഷണ ചെലവിന്റെ പല സബ് വൗച്ചറുകളിലും ഏതൊക്കെ ദിവസങ്ങളിൽ എത്രപേർക്ക് ഭക്ഷണം നൽകി എന്നത് സംബന്ധിച്ച കൃത്യമായ വിവരങ്ങളില്ല.

4) വീട് വാടകയ്ക്ക് എടുത്തതിന്റെ കരാറുടമ്പടി ഹാജരാക്കിയിട്ടില്ല.

5) നിർവ്വഹണ ഉദ്യോഗസ്ഥൻ ₹4,13,178/- നേരിട്ട് ചെലവഴിച്ചു. നേരിട്ട് ഭക്ഷണം തയ്യാറാക്കി നൽകൽ, ക്ലീനിംഗ്, സ്റ്റേഷനറി സാധനങ്ങൾ വാങ്ങൽ, ഫോട്ടോ, വിദ്യാർത്ഥികളെ പരീക്ഷ എഴുതിക്കാൻ കൊണ്ടുപോയതിന്റെ ചെലവുകൾ തുടങ്ങിയ കാര്യങ്ങൾക്കാണ് പണം ചെലവഴിച്ചു. ₹1000/-യിൽ അധികം വരുന്ന ചെലവ് പണമായി നൽകാൻ പാടില്ല എന്ന സ.ഉ. (പി) നം. 177/2006/ധനം/ 12.04.2006 ഖണ്ഡിക 8 പ്രകാരമുള്ള നിബന്ധനയും പാലിച്ചിട്ടില്ല. മേൽ പറഞ്ഞ ചെലവുകളുടെ ആകെ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയും അതിൽ നിന്ന് പിൻവലിച്ച് പേയ്മെന്റ് നടത്തുകയുമാണ് ചെയ്തിട്ടുള്ളത്.

6) തിരഞ്ഞെടുത്ത 50 വിദ്യാർത്ഥികൾക്കാണ് ₹37,77,767/- ചെലവഴിച്ചിട്ടുള്ളത്. ₹75,555/- രൂപ വീതം ഓരോ കുട്ടിക്കും ചെലവഴിച്ചു. കുട്ടികളെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്ന് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റ് കൊണ്ടുണ്ടായ നേട്ടങ്ങൾ സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

7) ട്രഷറി ബിൽ നം. 10/19-20, 24.12.2019 പ്രകാരം ചെലവഴിച്ച ₹5,98,330/- -യിൽ ₹2,72,250/- ജൂൺ/2019, ജൂലൈ/2019, ആഗസ്റ്റ്/2019 എന്നീ മാസങ്ങളിലെ ഭക്ഷണം വിതരണം ചെയ്തതിന് ഷെറിൻസ് എന്ന ഹോട്ടൽ ഉടമയ്ക്ക് നൽകിയ തുകയാണ്. സബ് വൗച്ചർ പ്രകാരം ₹165/- രൂപയാണ് ഭക്ഷണത്തിന്റെ നിരക്ക്. 50 വിദ്യാർത്ഥികൾക്കാണ് ഭക്ഷണം നൽകി. അറ്റന്റൻസ് രജിസ്റ്റർ പ്രകാരം പ്രസ്തുത മാസങ്ങളിൽ ആകെ 32 ദിവസങ്ങളാണ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. ഈ കലയളവിൽ ആകെ 51 ഹാജരില്ലായ്മയുമുണ്ട്. ആയത് പ്രകാരം ആകെ ഭക്ഷണത്തിന്റെ ആകെ തുക ₹2,55,585/- യാണ് [(50 X 165 X 32) - (51 X 165)] വരിക. ആയത് പ്രകാരം ₹16,665/- (2,72,250 - 2,55,585) അധികം നൽകി.

30.11.2021 -ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 02 /2019-20 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭക്ഷണം വാങ്ങി നൽകിയ ഇനത്തിൽ അധികം നൽകിയ തുക ₹16,665/- നിരാകരിക്കുന്നു. ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ ബാക്കി ചെലവ് തുക ₹37,94,432/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-14 എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അർഹത സംബന്ധിച്ച് രേഖ ഹാജരാക്കിയിട്ടില്ല.

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിന് ഹെഡ് മാസ്റ്റർ 2019-20 വർഷത്തിൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ₹460610/- (ട്രഷറി ബിൽ നം. 01/19-20, തീയതി : 19/07/2019 - വികസന ഫണ്ട് ടി.എസ്.പി) ആണ് പദ്ധതിയുടെ ആകെ ചെലവ്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ)നം. 22/2018/തസ്വഭവ തീയതി 14.02.2018) ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് തുടങ്ങിയ കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോഉള്ള പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. വകുപ്പിൽ നിന്നും നൽകിയിട്ടില്ലന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. പാരലൽ കോളജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖ ഹാജരാക്കണം.

പ്രസ്തുത പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണെന്നതിനുള്ള രേഖ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | റിമാർക്സ് |
|---|---|---|
| 1 | നിഷ ടി.ബി. | വിദ്യാർഥിനിയാണെന്നതിനുള്ള രേഖയില്ല |
| 2 | അനൂപ് കുമാർ | 2018-ൽ കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖയാണ് ഹാജരാക്കിയിട്ടുള്ളത്. |
| 3 | അമല്യ കെ.ബി. | 2018-ൽ കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖയാണ് ഹാജരാക്കിയിട്ടുള്ളത്. |

താഴെ പറയുന്ന ഗുണഭോക്താക്കൾ വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് സർവ്വകലാശാല അഫിലിയേഷൻ/യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ഐശ്വര്യ പി.ആർ. | എസ്.എം.ഐ.എസ്. കോളേജ്, സുൽത്താൻ ബത്തേരി |
| 2 | സതീഷ് കെ.സി. | ബ്രൈറ്റ് സ്കൂൾ ഓഫ് എക്സലൻസ് , സുൽത്താൻ ബത്തേരി |
| 3 | അമൽ കെ.ബി. | സുൽത്താൻ ബത്തേരി താലൂക്ക് കോപ്പറേറ്റീവ് ആർട്ട്സ് കോളേജ്, സുൽത്താൻ ബത്തേരി |
| 4 | സജിത കെ. | മലബാർ ആർട്ട്സ് & സയൻസ് കോളേജ്, സുൽത്താൻ ബത്തേരി |

30.11.2021 ലെ ഓഡിറ്റ് എൻക്വയറി നം. 03/2019-20 ന് നിർവ്വഹണ ഉദ്യാഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹460610/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്ന വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്

2019-20 ലെ തൊഴിൽനികുതി സംബന്ധിച്ച് നിന്നും ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ താഴെ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മാനേജർ, സപ്ലൈകോ, നായ്ക്കെട്ടി | സ്ഥാപന തൊഴിൽ നികുതി 1,2-ാം അർദ്ധ വർഷം |
| 2 | മിൽക്ക് സൊസൈറ്റി കല്ലൂർ | സ്ഥാപന തൊഴിൽ നികുതി 1,2-ാം അർദ്ധ വർഷം |
| 3 | പട്ടിക വർഗ്ഗ സഹകരണ സംഘം , കല്ലൂർ | സ്ഥാപന തൊഴിൽ നികുതി 1,2-ാം അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1-16 തൊഴിലുറപ്പ് വിഭാഗം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

**2019-20** ലെ തൊഴിൽനികുതി സംബന്ധിച്ച് നിന്നും ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ തൊഴിലുറപ്പ് വിഭാഗം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുമ്പോൾ വരുമാനം കണക്കാക്കുന്നതിന് ശമ്പളകുടിശ്ശിക , ഉൽസവബത്ത എന്നിവ കൂട്ടാത്തതിനാൽ തൊഴിൽനികുതി ഈടാക്കി യതിൽ കുറവ് വന്നിട്ടുണ്ട്.

| ജീവനക്കാരുടെ പേര്, തസ്തിക | അർദ്ധ വർഷ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|
| ഷിനോജ് , ഓവർസിയർ | ഒന്നാം അർദ്ധവർഷം- 130520<br>രണ്ടാം അർദ്ധവർഷം- 127770 | 1000<br>1000 | 1250<br>1250 | 250<br>250 |
| മനോജ് , ഓവർസിയർ | ഒന്നാം അർദ്ധവർഷം- 85140 | 0 | 750 | 750 |

| | | | | |
|---|---|---|---|---|
| | | | | |
| മുഹമ്മത് മുസാഫിർ ഓവർസിയർ | രണ്ടാം അർദ്ധവർഷം- 127770 | 1000 | 1250 | 250 |
| | | | ആകെ | 1500 |

കുറവ് വന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-17 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് നൽകിയ താഴെ പറയുന്ന ചെലവുകൾസംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

നിർവ്വഹണം - ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക(₹) വൗച്ചർ നം., / ബിൽ നം തീയതി |
|---|---|---|---|
| 1 | പ്രോജക്റ്റ് നം 3/20 IKMവിഹിതം | Information Kerala Mission | 100000(ജനറൽ) 18/19-20 /27.8.2019 |
| 2 | പ്രോജക്റ്റ് നം 2/20 സാമൂഹ്യ സുരക്ഷ മിഷൻ | കേരള സാമൂഹ്യ സുരക്ഷ മിഷൻ | 100000(ജനറൽ) 10/19-20 /27.8.2019 |

വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ

മറുപടിയിൽ ഇൻഫർമേഷൻ കേരള മിഷൻ അയച്ച കത്ത് പ്രകാരം വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഉടൻ നൽകുന്നതാണ് എന്നറിയിച്ചു. കേരള സാമൂഹ്യ സുരക്ഷ മിഷൻ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും നൽകുന്ന മുറക്ക് ഗ്രാമ പഞ്ചായത്ത് നൽകുന്നതാണ് എന്നറിയിച്ചു. വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാകുന്ന മുറക്ക് നൽകേണ്ടതാണ്.

## 1-18 വയോജനങ്ങൾക്ക് കട്ടിൽ(TSP)പദ്ധതിനടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം അസിസ്റ്റന്റ് സെക്രട്ടറിപ്രോജക്ട് നം **208/20(**സ്പിൽ ഓവർ)

അടങ്കൽ **₹6,00,000**

ചെലവ് **19-20 , ₹597645**

**1)**ബിൽ നം **1/19-20/11.10.19 ₹174750**

**2)** ബിൽ നം **1/19-20/11.10.19 ₹174750**

ആകെ **171** കട്ടിലുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകി

**Wayanad District Wholesale Co Operative Consumer Society** എന്ന സ്ഥാപനത്തിൽ നിന്നാണ് കട്ടിലുകൾ വാങ്ങിയത് **.**

**518** ഗുണഭോക്താക്കൾ അപേക്ഷ നൽകി **.** എല്ലാവരെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ഭരണ സമിതി അംഗീകരിച്ചു**.**

കട്ടിൽ വിതരണ സമയത്താണ് ലിസ്റ്റിൽ അനർഹർ ഉണ്ടെന്ന് അറിയുന്നത്**.** മരണം**,** രേഖകൾ ഇല്ലാത്തത്**,** ഇരട്ടിപ്പ്**,** കുടുംബാഗങ്ങൾക്ക് സർക്കാർ ജോലി **,** സ്ഥലത്തില്ലാത്തത്**,** വീടില്ലാത്തത്**,** ജനറൽ വിഭാഗങ്ങൾ ലിസ്റ്റിൽ വന്നു **, 2017-18** വർഷത്തിൽ കട്ടിൽ ലഭിച്ചു എന്നീ കാരണങ്ങളാൽ അനർഹർ ലിസ്റ്റിൽ ഉണ്ടായിരുന്നു**.** ഇവരെ ഒഴിവാക്കി കട്ടിൽ വിതരണം നടത്തി**.**

സബ്സിഡി മാർഗ്ഗരേഖ **Go( MS)/11/2018/LSGD 29.1.2018** പ്രകാരം മുൻഗണനാ ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകരുടെയും അർഹതയും മുൻഗണനയും ഫീൽഡ് പരിശോധന നടത്തി സാക്ഷ്യപ്പെടുത്തണം**.** പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാ ലിസ്റ്റ് പുതുക്കി നിശ്ചയിക്കണം**.**

ഭാവിയിൽ അപാകതകൾ പരിഹരിക്കേണ്ടതാണ്**.**

1-19 ജാഗ്രത സമിതി & ജെൻഡർ റിസോഴ്സ് സെന്റർ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-045/20 ജാഗ്രത സമിതി & ജെൻഡർ റിസോഴ്സ് സെന്റർ പദ്ധതി |
| അടങ്കൽ | ₹524560/- (വികസനം ജനറൽ) |
| ചെലവ് | ₹159770/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ താഴെ പറയുന്ന ബില്ലിൽ പിൻവലിച്ച തുക ഷാലി.ടി ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ഉണ്ടായത്.

ട്രഷറി ബിൽ നം.17/19-20/30.01.2020 തുക ₹39270/-. 39270/- രൂപയുടെ ബിൽ തീയതിക്ക് മുൻപുള്ള വൗച്ചറുകൾ വെച്ചിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/19-20/04.12.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-20 ലൈഫ് പദ്ധതി ഒന്നാം ഘട്ടം ST -വീടുകൾ പണി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | S-319/20 ലൈഫ് പദ്ധതി ഒന്നാം ഘട്ടം ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കൽ |
| അടങ്കൽ | ₹4034800/- (വികസനം ടി.എസ്.പി)<br>₹1965200/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹2790828/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ലൈഫ് പദ്ധതി ഒന്നാം ഘട്ടം ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ, നിലവിലും താഴെ പറയുന്ന വീടുകൾ പൂർത്തിയായിട്ടില്ല.

| ക്രമ നം. | പേര്, വിലാസം | എസ്റ്റിമേറ്റ് | അനുവദിച്ച തുക(₹) | ശേഷിക്കുന്ന തുക(₹) | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | രവി, കർണാൽ പണിയ കോളനി | 425000 | 370000 | 55000 | മേൽക്കൂര വാർപ്പ് പൂർത്തിയായി |
| 2 | മണി, അണ്ണിമൂല കാട്ടുനായ്ക്ക കോളനി | 240000 | 150000 | 90000 | അടുക്കള, ടോയിലറ്റ് പ്രവർത്തികൾ ബാക്കിയുണ്ട്. |
| 3 | സിന്ധു, കദക്കത്ത് കോളനി | 114000 | 60000 | 54000 | മേൽക്കൂര പൂർത്തീകരിച്ചു. |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/19-20/ 04.12.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വീടുകൾ പണി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-21 മുത്തങ്ങ ബ്രാൻഡഡ് റൈസ് പദ്ധതി - ലക്ഷ്യം കൈവരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | S-187/20 മുത്തങ്ങ ബ്രാൻഡഡ് റൈസ് പദ്ധതി |
| അടങ്കൽ | ₹200000/- (വികസനം ജനറൽ)<br>₹300000/- (ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്)<br>ആകെ ₹500000/- |
| ചെലവ് | ₹2,00,000/- |
| ബിൽ നം/തിയ്യതി | 1/19-20/10.05.19 – ₹2,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മുത്തങ്ങ ബ്രാൻഡഡ് റൈസ് എന്ന പദ്ധതി നടപ്പിലാക്കി. 22.11.2018 ലെ ഭരണസമിതി തീരുമാനം നമ്പർ 9 പ്രകാരം നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിൽ നെല്ല് സംഭരണ

പദ്ധതി കാര്യക്ഷമമാക്കുന്നതിന് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള ഒരൊറ്റ സംഘമായ സഹ്യാദ്രി സ്വാശ്രയ സംഘത്തിന് (രജിസ്ട്രേഷൻ നം. 440/2018) മുത്തങ്ങ ബ്രാൻഡഡ് റൈസ് പദ്ധതിയിൽ, ഭക്ഷ്യ സംസ്കരണം ,സംഭരണം,വിപണനം എന്നിവ ലക്ഷ്യമിട്ട് സബ്‌സിഡി നൽകുന്നതിന് തീരുമാനിച്ചു. എന്നാൽ, ഗ്രാമ സഭ പ്രസ്തുത സംഘത്തെ തെരഞ്ഞെടുത്തിട്ടില്ല. ഭരണ സമിതി തീരുമാനത്തിൽ പറയുന്ന രജിസ്ട്രേഷൻ, ജില്ലാ രജിസ്ട്രാറുടെ 28.11.2018-ാം തീയതിയിലെ WYD/CA/440/2018 നമ്പർ സ്വാശ്രയ സംഘം രജിസ്ട്രേഷൻ ആണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ എവിടെയും നെൽ വിത്ത് സംഭരണവുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ ആണെന്ന് ഇല്ല. അത് മാത്രമല്ല 22.11.18-ന്റെ ഭരണസമിതി യോഗത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് 28.11.18- ന് ലഭിച്ച രജിസ്ട്രേഷൻ നമ്പർ ആണ്.

സഹ്യാദ്രി സ്വാശ്രയ സംഘത്തിന് ഞങ്ങൾ ഒരു ലോൺ പാസ്സാക്കാൻ പോവുകയാണ് എന്ന കേരള ഗ്രാമീൺ ബാങ്ക് കല്ലൂർ ബ്രാഞ്ചിന്റെ 26/09/2019 (കത്തിന് നമ്പർ ഇല്ല) കത്തിന്റെ അടിസ്ഥാനത്തിൽ സഹ്യാദ്രി സ്വാശ്രയ സംഘത്തിന്റെ അക്കൗണ്ടിലേക്ക് (നം. 402361013050133)₹ 2,00,000/- ട്രാൻസ്ഫർ ചെയ്തു. പ്രോജക്ട് പ്രകാരം ₹3,00,000/- ഗുണഭോക്തൃ വിഹിതമായി ചെലവഴിക്കേണ്ടതാണ്. അത് ചെലവഴിച്ചിട്ടില്ല. മേൽ സ്ഥാപനത്തിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/19-20/04.12.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. യൂണിറ്റ് പ്രവർത്തനക്ഷമമാക്കി മേൽ അപാകതകൾ പരിഹരിക്കുന്നത് വരെ ₹2,00,000/- തടസ്സത്തിൽ വെക്കുന്നു.

## 1-22 വീട് വാസ യോഗ്യമാക്കൽ ടി.എസ്.പി - ₹ 5000/- കൂടുതൽ നൽകി

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-204/20 വീട് വാസ യോഗ്യമാക്കൽ ടി.എസ്.പി |
| അടങ്കൽ | ₹2075000/- (വികസനം ടി.എസ്.പി) |
| ചെലവ് | ₹1269400/- |
| ബിൽ നം/തിയ്യതി | 1/19-20/10.05.19 – ₹2,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ താഴെ പറയുന്ന ബില്ലുകളിലായി മഞ്ജുഷ,കൊട്ടനാട്, മൂലങ്കാവ് എന്ന ഗുണഭോക്താവിന് ₹50000/- നൽകി.

ട്രഷറി ബിൽ നം.32/18-19/19.12.2018 & 3/19-20/29.06.2019

എന്നാൽ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ എഇ/എൽഎസ്ജിഡി/എൻഎൽപി/18-19 ാം നമ്പർ വാല്യൂവേഷൻ പ്രകാരം ₹45000/- യുടെ പ്രവൃത്തി പൂർത്തീകരിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/19-20/04.12.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വാല്യൂവേഷനിൽ കൂടുതൽ നൽകിയ ₹ 5000/- നിരാകരിക്കുന്നു. ഖണ്ഡിക 3-1 കാണുക.

## 1-23 അസി. എഞ്ചിനീയർ നിർവ്വഹണം-പദ്ധതി നിരവ്വഹണം കാര്യക്ഷമമല്ലാത്തതിനാൽ വലിയ തുക 7 കോടി രൂപ പാഴാക്കിയത്-സംബ.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 204 മരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭ്യമാക്കിയതെങ്കിലും 44 പ്രവൃത്തികൾക്കുള്ള തുക മാത്രമാണ് ട്രഷറിയിൽ നിന്നും തൻവർഷം പിൻവലിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 8.52 കോടി രൂപയിൽ 1.39 കോടി രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആകെ പദ്ധതി ചെലവിന്റെ 16% മാത്രമാണ് തൻവർഷത്തെ ചെലവ്. 84% പദ്ധതി തുകയും ചെലവഴിക്കാതെ നഷ്ടപ്പെട്ടു. 93 പദ്ധതികൾ 2019-20 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 44 പദ്ധതികൾ മാത്രമാണ് ചെലവ് രേഖകൾ പ്രകാരം നടപ്പിലാക്കിയിട്ടുള്ളൂ. 47% മാത്രമാണ് തൻവർഷത്തെ സ്പിൽ ഓവർ പദ്ധതി ചെലവ്. 53% സ്പിൽ ഓവർ പദ്ധതി തുകയും ചെലവഴിച്ചിട്ടില്ല. പദ്ധതി മാർഗരേഖ പ്രകാരം (ജി.ഒ.(എം.എസ്) 11/2018/ത.സ്വ.ഭ.വ. തീയതി 29-1-2018) സ്പിൽ ഓവറാകുന്ന പദ്ധതികൾ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/19-20/03.12.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-24 അസി. എഞ്ചിനീയർ നിർവ്വഹണം-പൊതു അപാകതകൾ-

അസിസ്റ്റൻറ് എൻജിനിയറുടെ രജിസ്റ്ററുകളും നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും പരിശോധിച്ചപ്പോൾ അവയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പദ്ധതികളുടെ ടെണ്ടർ സമയത്ത് പണമായും,ചെക്കായും,ഡ്രാഫ്റ്റായും ലഭിക്കുന്ന EMD തുകകളുടെ വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. പദ്ധതികളുടെ ടെണ്ടർ സമയത്ത് പണമായും,ചെക്കായും,ഡ്രാഫ്റ്റായും നിർവ്വഹണോദ്യോഗസ്ഥന് ലഭിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തേണ്ട EMD രജിസ്റ്റർ സൂക്ഷിക്കുകയോ,ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. EMD ആയി ലഭിക്കേണ്ട തുക ടെണ്ടർ രജിസ്റ്ററിലും രേഖപ്പെടുത്തുന്നില്ല. സെക്യൂരിറ്റി രജിസ്റ്റർ സുക്ഷിക്കുന്നുണ്ടെങ്കിലും സെക്യൂരിറ്റിയായി ലഭിച്ചത് പണമായാണോ, നിക്ഷേപമായാണോ എന്നുള്ള വിവരങ്ങൾ ഒന്നും തന്നെ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ,എല്ലാ കരാറുകാരിൽ നിന്നും വാങ്ങിയിട്ടാണോ ടെണ്ടറിൽ പങ്കെടുപ്പിച്ചിരിക്കുന്നത് എന്നും, പദ്ധതി ഏറ്റെടുത്ത കരാറുകാർ മതിയായ സെക്യൂരിറ്റി നിക്ഷേപം കെട്ടിവച്ചിട്ടുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. എഗ്രിമെൻറ് രജിസ്റ്ററിൽ ഓരോ പ്രവൃത്തിയും പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല.

3. കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല.

4. ക്യാഷ് ബുക്കിൽ ട്രഷറിബിൽ നമ്പർ ,ചെക്ക് നമ്പർ എന്നിവ രേഖപ്പെയുത്തുന്നില്ല

5. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് ബുക്കിൽ പ്രോജക്ട് രൂപികരണവും നിർവ്വഹണവും സംബന്ധിച്ച് തീരുമാനങ്ങളോരോന്നും രേഖപ്പെടുത്തി കാണുന്നില്ല. 24.10.18 തീയതിയിൽ ആണ് 19-20 വർഷത്തെ പദ്ധതിരൂപീകരണം സംബന്ധിച്ച യോഗം നടന്നിട്ടുള്ളത്. ചില പദ്ധതിനിർദ്ദേശങ്ങൾ നൽകി എന്നല്ലാതെ മുൻവർഷപദ്ധതിനിർവഹണം മോണിട്ടർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. ഒരു പദ്ധതികളും വർക്കിംഗ് ഗ്രൂപ്പിൽ നിർദ്ദേശിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിൽ ശുപാർശ ചെയ്യാത്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയവയിൽ ഭൂരിഭാഗവും. 19-20 വർഷത്തെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് ഒരു യോഗം മാത്രമാണ് നടന്നത്.

6. അസി .എഞ്ചിനീയർ ഹാജരാക്കിയ ഫയലുകളിൽ പേജ് നമ്പർ നൽകിയിട്ടില്ല.

7. പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ചിട്ടില്ല.

8. തൻവർഷം സ്പിൽ ഓവർ പ്രോജക്റ്റുകൾ അടക്കം 204പ്രോജക്റ്റുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിൽ 160എണ്ണം നടപ്പാക്കാൻ സാധിച്ചിട്ടില്ല . മരാമത്ത് പ്രവൃത്തികൾക്ക് തുക വകയിരുത്തുകയും എന്നാൽ പ്രോജക്റ്റ് കൃത്യമായി നടപ്പിലാക്കുകയും ചെയ്യാത്തതിനാൽ ഫണ്ട് ലാപ്സായി.

9. ചെറിയ ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു.റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ,പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.

10. മെമ്മോ ഓഫ് പേയ്മെന്റ് പല ഫയലുകളിലും അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്താതെയാണ് തുക ചെലവഴിച്ചിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/19-20/03.12.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 വിനോദ് ലൈബ്രറി നവീകരണം-സ്ഥാപനം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഇല്ല.

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | S-247/20 വിനോദ് ലൈബ്രറി നവീകരണം |
| അടങ്കൽ | 100000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| എസ്റ്റിമേറ്റ് | 100000/- (നം. 2018/89827) |
| കരാറുകാരൻ | പി.ആർ.ശിവരാജൻ,കുപ്പാടി |
| കരാർ തുക | 1,00,000/- |

| | |
|---|---|
| കരാർ നമ്പർ | 93/AE/LSGD/NLP/18-19 /08.03.19 |
| ചെലവ് | 90,224/- രൂപ |
| ബിൽ നം/തിയ്യതി | 21/19-20/29.06.19 – 90,224/- |
| എം.ബുക്ക് നം. | 167/18-19(പേജ് നം.1-8) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മേൽ പദ്ധതി പ്രകാരം 90,224/- രൂപ പിൻവലിച്ച് വിനോദ് ലൈബ്രറി നവീകരണത്തിനായി ചെലവഴിച്ചു. എന്നാൽ, വിനോദ് ലൈബ്രറി നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണെന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/19-20/ 03.12.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത സ്ഥാപനത്തിന് വേണ്ടി ചെലവഴിച്ച 90,224/- രൂപ തടസ്സം ചെയ്യുന്നു.

## 1-26 കരാറുകാർക്ക് സമയം നീട്ടി നൽകൽ-പിഴ ഈടാക്കിയിട്ടില്ല- 2,26,766/- രൂപയുടെ നഷ്ടം സംഭവിച്ചു.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തികൾ പലതും സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. ഭാഗികമായോ പൂർണ്ണമായോ കരാറുകാരന്റെ പിഴവുമൂലമോ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി മാത്രമേ ആയത് അനുവദിക്കാവൂ. ഇപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ (പൂർത്തീകരണ കാലാവധിയുടെ 25% )പി.എ.സി യുടെ 1 ശതമാനവും രണ്ടാം തവണ (പൂർത്തീകരണ കാലാവധിയുടെ 25% ) പി.എ.സി യുടെ 2 ശതമാനവും ഈടാക്കേണ്ടതാണെന്ന് 2012-ലെ പിഡബ്ള്യൂഡി പൊതുമരാമത്ത് മാന്വൽ (1.2.2012 ലെ സ.ഉ (പി)13/2012/), സെക്ഷൻ 2112-1 ൽ വ്യക്തമാക്കിയിട്ടുണ്ട്. പൂർത്തീകരണ കാലാവധിയുടെ 50% ൽ കൂടുതൽ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതല്ല. മുൻകൂട്ടികാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവൃത്തി നിശ്ചയിക്കപ്പെട്ട സമയപരിധിക്കകം പൂർത്തിയാക്കാൻ കഴിയാത്തപക്ഷം പ്രസ്തുത തീയതിക്കു മുമ്പായി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ, കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതും, പ്രസ്തുത അപേക്ഷയിൽ രേഖപ്പെടുത്തിയ കാരണം അസിസ്റ്റന്റ് എഞ്ചിനീയർ വിലയിരുത്തി ആയത് സത്യസന്ധമാണെങ്കിൽ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ ആദ്യത്തെ 3 മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്. ഈ വ്യവസ്ഥകൾ കരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും, താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ, കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ, യാതൊരുവിധ പിഴയും ഈടാക്കാതെ അവസാന ബിൽ തുക നൽകിയിട്ടുണ്ട് .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം/അടങ്കൽ | കരാറുകാരൻ ടെണ്ടർ നിരക്ക് (PAC) | എഗ്രിമെന്റ്/ തിയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തിയതി | എം.ബുക്ക് നമ്പർ | എം ബുക്ക് പ്രകാരം പൂർത്തിയാക്കിയ തിയതി | പൂർത്തിയാക്കാനെടുത്ത കാലതാമസം | ഈടാക്കേണ്ടിയിരുന്ന പിഴ | അവസാന ബിൽ /ചെക്ക് നമ്പർ/ തിയതി/ തുക |
|---|---|---|---|---|---|---|---|---|---|
| 1 | 264/20 തോട്ടാമൂല അച്യുതൻ റോഡ് ടാറിംഗ്. | അരുൺ.സി.കര്യാക്കോസ് 300000 | 065/AE /LSGD/NLP /18-19 /20.12.2018. | 30/03/2019 | 195/ 17-18 | 27/12/2019 (പേജ് നം. 8) | 8 മാസം 27 ദിവസം | 15000 (5% ,1+2+2) | 46/19-20 /13.03.20 തുക 296939 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 300000 | | | | | | | | |
| 2 | 271/20 തോട്ടംമൂല ലക്ഷം വീട് കോളനി റോഡ് ടാറിംഗ്. 300000 | അരുൺ.സി.കര്യാക്കോസ് 300000 | 61/AE/LSGD /NLP/18-19 /20.12.2018. | 30/03/2019 | 193/ 17-18 | 27/12/2019 (പേജ് നം. 15) | 8 മാസം 27 ദിവസം | 15000 (5% ,1+2+2) | 15/19-20 /13.03.20 തുക 265951 |
| 3 | 263/20 വെളതൊണ്ടി തളിപ്പുറം റോഡ് ടാറിംഗ്. 495000 | അബ്ദുൾ അസീസ് 495000 | 67/AE/LSGD /NLP/18-19 /20.12.2018. | 30/03/2019 | 177/ 17-18 | 02/08/2019 (പേജ് നം. 8) | 4 മാസം 2 ദിവസം | 14850 (3% ,1+2) | 41/19-20/ 16.12.19 തുക 433175 |
| 4 | 241/20 അംഗണവാടികൾക്ക് റിപ്പയർ 300000 | രജീഷ് കുമാർ 300000 | 107/AE /LSGD/NLP /18-19 /18.03.2019. | 30/03/2019 | 184/ 17-18 | 14/11/2019 (പേജ് നം. 8) | 7 മാസം 14 ദിവസം | 15000 (5% ,1+2+2) | 38/19-20/ 23.01.20 294263 |
| 5 | 286/20 ആനക്യാമ്പ് നായിക്ക റോഡ് കോൺക്രീറ്റ് 150000 | പുരവത്ത് 150000 | 75/AE/LSGD /NLP/18-19 /22.12.2018. | 30/03/2019 | 182/ 17-18 | 13/11/2019 (പേജ് നം. 4) | 7 മാസം 13 ദിവസം | 7500 (5% ,1+2+2) | 39/19-20/ 23.01.20 തുക 116764 40/19-20/ 16.02.20 തുക 30500 |
| 6 | 228/20 അത്തിച്ചവട് കോളനി റോഡിൽ നിന്നും രാധാകൃഷ്ണന്റെ വീടിന സമീപം വരെ 3,00,000 | ശ്യാം പി 298308 | 065/AE /LSGD/NLP /18-19 /20.12.2018. | 30/03/2019 | 195/ 17-18 | 27/12/2019 (പേജ് നം. 8) | 4മാസം 3 ദിവസം | 8949 (3% 1+2) | 39/19-20/ 23.01.20 തുക 1 16764 |
| 7 | 250/20 കാക്കമല സാംസ്കാരിക നിലയം കെട്ടിട നവീകരണം 400000 | ശിവരാജൻ കപ്പാടി 400000 | 94/AE/LSGD /NLP/18-19 /08.03.2019. | 30/03/2019 | 175/ 17-18 | 26/09/2019 (പേജ് നം. 25) | 5 മാസം 26 ദിവസം | 12000 (3% 1+2) | 36/19-20/ 07.11.19 തുക 387220 |
| 8 | 196/20 കല്ലൂർകുന്ന് റോഡ് ടാറിംഗ് 274197 | അബ്ദുൾ അസീസ് 370000 | 13/AE/LSGD /NLP/17-18 /19.12.2017. | 30/03/2018 | 158/ 17-18 | 20/03/2019 (പേജ് നം. 18) | 11 മാസം 20 ദിവസം | 25900 (7% 1+2+2+2) | 08/19-20/ 08.05.19 തുക 238535 |
| 9 | 197/20 കരിപ്പൂർ താഞ്ഞൂർ റോഡ് ടാറിംഗ് 250000 | അബ്ദുൾ അസീസ് 250000 | 17/AE/LSGD /NLP/17-18 /19.12.2017. | 30/03/2018 | 156/ 17-18 | 21/03/2019 (പേജ് നം. 12) | 11 മാസം 21ദിവസം | 17500 (7% 1+2+2+2) | 6/19-20/ 08.05.19 തുക 153668 |
| 10 | 214/20 ഇളംചിറ പണിയ കോളനി ഡ്രൈനേജ് 350000 | അബ്ദുൾ അസീസ് 350000 | 68/AE/LSGD /NLP/17-18 /31.03.2018. | 31/06/2018 | 214/ 17-18 | 22/01/2019 (പേജ് നം. 18) | 6 മാസം 22 ദിവസം | 17500 (5% 1+2+2) | 27/19-20/ 12.07.19 തുക 232524 |
| 11 | 223/20 ചിറക്കമ്പം കമിൾപ്പുര റോഡ് കോൺക്രീറ്റ് 300000 | എം.നാരായണൻ കുട്ടി 300000 | 32/AE/LSGD /NLP/18-19 /15.12.2018. | 31/03/2019 | 168/ 17-18 | 28/06/2019 (പേജ് നം. 4) | 2 മാസം 28 ദിവസം | 3000(1% ) | 30/19-20/ 27.07.19 തുക 99909 29/19-20/ 27.07.19 തുക 200000 |
| 12 | 270/20 നായ്ക്കെട്ടി മാതമംഗലം റോഡ് ടാറിംഗ് 1 000000 | ഷാജി.കെ കപ്പാടി 981348.32 | 86/AE/LSGD /NLP/18-19 /151 /29.01.2019. | 31/03/2019 | 160/ 17-18 | 20/12/2019 (പേജ് നം. 9) | 8 മാസം 20 ദിവസം | 49067 (5% 1+2+2) | 33/19-20/ 16.08.19 തുക 659036. 44/19-20/ 13.03.20 തുക 264274. |
| 13 | 277/20 മൈക്കര പണിയ കോളനി സൈഡ് സംരക്ഷണവും കോൺക്രീറ്റും | ശിവരാജൻ കപ്പാടി 305000 | 43/AE/LSGD /NLP/18-19 /17.12.2018. | 31/03/2019 | 157/ 17-18 | 09/07/2019 (പേജ് നം. 12) | 3മാസം 9 ദിവസം | 6000 (3% 1+2) | 35/19-20/ 08.09.19 തുക 188894. 105000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 200000 | | | | | | | | കഴിഞ്ഞ വർഷം ചെലവഴിച്ചു. |
| 14 | 281/20<br>മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം<br>500000 | സജി.എം.ജെ<br>500000 | 57/AE/LSGD<br>/NLP/18-19<br>/18.12.2018. | 31/03/2019 | 10/<br>17-18 | 14/10/2019<br>(പേജ് നം. 25) | 6 മാസം<br>14 ദിവസം | 15000<br>(3% 1+2) | ചെക്ക് നം. 005376/ 06.11.19<br>തുക 200000.<br>ചെക്ക് നം. 005377/ 06.11.19<br>തുക 228860. |
| 15 | 210/20<br>രാംപള്ളി കുറുമ കോളനി നടപ്പാത കോൺക്രീറ്റ്<br>150000 | അബ്ദുൾ അസീസ്<br>150000 | 82/AE/LSGD<br>/NLP/17-18<br>/31.03.2018. | 30/06/2018 | 143/<br>17-18 | 26/12/2018<br>(പേജ് നം. 7) | 5 മാസം<br>26 ദിവസം | 4500<br>(3% 1+2) | 17/19-20/<br>26.06.19<br>തുക 140739 |
| ആകെ | | | | | | | | 226766 | |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/19-20/03.12.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ സൂചിപ്പിച്ച പഞ്ചായത്തിന് സംഭവിച്ച നഷ്ടം ഈടാക്കി അറിയിക്കേണ്ടതാണ്.

1-27 പൊട്ടഞ്ചിറ കുമിൾപ്പുര റോഡ് ഫോർമേഷൻ-9571/- രൂപ അധികം നൽകി.

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | S-333/20 പൊട്ടഞ്ചിറ കുമിൾപ്പുര റോഡ് ഫോർമേഷൻ |
| അടങ്കൽ | 500000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| എസ്റ്റിമേറ്റ് | 500000/- (നം. 2019/94878) |
| കരാറുകാരൻ | നജിമുദ്ദീൻ.സി |
| കരാർ തുക | 5,00,000/- |
| കരാർ നമ്പർ | 3/AE/LSGD/NLP/19-20/02.11.19 |
| ചെലവ് | 5,00,000/- രൂപ |
| ബിൽ നം/തിയ്യതി | 43/19-20/13.03.20 – 5,00,000/- |
| എം.ബുക്ക് നം. | 192/17-18(പേജ് നം.1-17) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മേൽ പദ്ധതിയിൽ മെമ്മോ ഓഫ് പേയ്മെന്റ് പ്രകാരം നൽകേണ്ട തുകയേക്കാൾ 9571/- രൂപ അധികം നൽകി. വിശദ വിവരം താഴെ കൊടുക്കുന്നു.

| ട്രഷറി ബിൽ പ്രകാരം നൽകിയിരിക്കുന്നത് | മെമ്മോ ഓഫ് പേയ്മെന്റ് പ്രകാരം | അധികം നൽകിയത് |
|---|---|---|

| | | |
|---|---|---|
| ട്രഷറി ബിൽ (നം.43/19-20/13.03.20 ) പിൻവലിച്ചിരിക്കുന്നത് - 5,00,000/-<br>കെട്ടിട തൊഴിലാളി ക്ഷേമനിധി - 4379<br>IT - 4379<br>ജി.എസ്.ടി -8758<br>കരാറുകാരന് നൽകിയത് - 482484<br>ആകെ - 5,00,000/- | ആകെ പ്രവൃത്തി മൂല്യം - 437883 (എം.ബുക്ക് പേജ് നം. 16)<br>ജി.എസ്റ്റി.പ്രൊവിഷൻ കൂട്ടുക (12%) - 52546<br>ആകെ പിൻവലിക്കേണ്ടത് - 4,90,429/-<br>കുറക്കുക 17516 ( IT-4379+KCWF-4379+GST 8758)<br>കരാറുകാരന് നൽകേണ്ടത് 4,72,913/ | കരാറുകാരന് നൽകിയത് - നൽകേണ്ടിയിരുന്നത്<br>482484 - 472913 = 9,571/- |

മെമ്മോ ഓഫ് പേയ്മെന്റിൽ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്താതെയാണ് തുക നൽകിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/19-20/03.12.21 ) ലഭ്യമാക്കിയ മറുപടിയിൽ മേൽ നഷ്ടം 9,571/- രൂപ കരാറുകാരൻ ട്രഷറിയിൽ തിരിച്ചടച്ചു (ചലാൻ നം. KL017207074202122/26.11.2021 ) ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 എം എൻ ആർ ജി എ - ആസ്തി നിർമ്മാണ പ്രവൃത്തി -പ്രവൃത്തി പൂർത്തിയായതിന് ശേഷമുള്ള തീയതികളിലെ മസ്റ്റർ റോൾ പ്രകാരം ലേബർ വേജ് തുക അനുവദിച്ചു.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷമുള്ള തീയതികളിലെ ലേബേഴ്സിന്റെ മസ്റ്റർ റോളുകൾ പ്രകാരം ₹43,498/- കൂലി നൽകിയിട്ടുണ്ട്.

| പ്രവൃത്തികളുടെ പേര് | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷമുള്ള മസ്റ്റർ റോളിന്റെ വിശദാംശം | | | എഫ്. ടി. ഒ. നമ്പറും തീയതിയും |
|---|---|---|---|---|---|
| | | മസ്റ്റർ റോൾ നമ്പർ | സ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടുള്ള കാലയളവ് | കൂലി തുക | |
| ആച്ചിക്കൽ റോഡ് കോൺക്രീറ്റ് വാർഡ് - 10 | 28.03.2019(MB No. 442/18-19 Page No. 02) | 374 | 08.04.2019-14.04.2019 | 13248 | 20732/26.04.2019<br>20709/26.04.2019 |
| | | 377 | 08.04.2019-14.04.2019 | 14950 | 18154/16.04.2019 |
| | | 376 | 08.04.2019-14.04.2019 | 14300 | 18154/16.04.2019 |
| | | 375 | 08.04.2019-14.04.2019 | 1000 | 18154/16.04.2019 |
| ആകെ തുക | | | | ₹43,498/- | |

04.12.2021 -ലെ ഓഡിറ്റ് എൻക്വയറി നം.21/2019-20 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 43,498/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-29 എം എൻ ആർ ജി എ – വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികൾ - പ്രവൃത്തി പൂർത്തിയാക്കുന്നതിന് മുമ്പേ നിർമ്മാണ സാധനങ്ങളുടെ വില അനുവദിച്ചു.

## 1-30 എം എൻ ആർ ജി എ – ആസ്തി നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണത്തിലെ ന്യൂനതകൾ.

മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ ആസ്തി നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ പറയുന്നു

1) വ്യക്തിഗത ആസ്തിനിർമ്മാണ പ്രവൃത്തികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയിരിക്കുന്ന റോഡ് പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലാണോ എന്നത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല.

3) പ്രവൃത്തിയുടെ ഫയലുകളിലൊന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റില്ല, പേയ്മെന്റ് നടത്തിയതിന്റെ പൂർണവിവരങ്ങളില്ല. പ്രവൃത്തിയുടെ ഫോട്ടോ ഇല്ല.

4) വ്യക്തിഗത ആസ്തികൾ അല്ലാത്ത പ്രവൃത്തികൾക്കുള്ള മെറ്റീരിയലുകൾ ടെണ്ടർ മുഖേനയാണ് സമാഹരിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകളുടെ വാർഷിക ആവശ്യകത നിർണ്ണയിച്ച് ഒന്നിച്ച് വാങ്ങൽ നടത്തേണ്ടതിന് പകരം വാർഡ് തിരിച്ച് ടെണ്ടർ നടത്തിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. പ്രസ്തുത നടപടി സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശത്തിന് വിരുദ്ധമാണ്. ആയതിന് പുറമേ₹5 ലക്ഷത്തിൽ അധികമാകുന്ന വാങ്ങലുകൾ ഇ - ടെണ്ടർ മുഖേന നടത്തണമെന്ന സർക്കാർ ഉത്തരവും (സ.ഉ.(എം.എസ്)നം. 13/2015/ഐ.ടി.ഡി. 12.05.2015) പാലിക്കപ്പെട്ടിട്ടില്ല.

5) ആസ്തി നിർമ്മാണത്തിനായി വാങ്ങിയ മെറ്റീരിയലുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

6)കരാറുകാർ ഒരോ പ്രവൃത്തിക്കും ആവശ്യമായ നിർമ്മാണ സാമഗ്രികൾ ആതാത് സ്ഥലത്ത് എത്തിക്കുകയാണ് ചെയ്യുന്നത്. തീയതിയും ഒപ്പും രേഖപ്പടുത്ത നിർമ്മാണ സാമഗ്രികളുടെ ബില്ലുകളാണ് പല പ്രവൃത്തികളുടെയും ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

7) പ്രവൃത്തിക്ക് ഉപയോഗിച്ച സാമഗ്രികളുടെ പര്യപ്തത (Adequacy) അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

8)പ്രവൃത്തിയുടെ അളവനുസരിച്ച് പ്രസ്തുത പ്രവൃത്തിക്ക് യഥാർത്ഥത്തിൽ ഉപയോഗിച്ച സാമഗ്രികളുടെ വിലയാണ് സാമഗ്രികൾ വിതരണം ചെയ്യുന്ന കരാറുകാർക്ക് നൽകുന്നത്. എന്നാൽ മിക്കപ്രവൃത്തികളും പൂർത്തിയാകുന്നതിന് മുമ്പ് തന്നെ സാമഗ്രികളുടെ ബിൽ തയ്യാറാക്കിയതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | ബില്ലിന്റെ തീയതികൾ |
|---|---|---|---|---|
| 1 | വയലോരം റോഡ് കോൺക്രീറ്റ് , വാർഡ്-10 | 28.02.2019 | 07.03.2019 (MB No. 425/18-19, Page No.3) | 25.02.2019, 27.02.2019, 01.03.2019 |
| 2 | ബിച്ചാരം മുഹമ്മദ് റോഡ് കോൺക്രീറ്റ്, 5 | 22.02.2019 | 01.03.2019 (MB No. 230/18-19, Page No.2) | 20.02.2019, 21.02.2019 |
| 3 | മൂലവയൽ നടപ്പാത കോൺക്രീറ്റ്, വാർഡ്-16 | 27.03.2019 | 15.0.72019 (MB No. 439/19-20, Page No.2) | 01.04.2019 |

പ്രവൃത്തി തുടങ്ങുന്നതിന് മുമ്പേ തന്നെ പ്രവൃത്തിക്കുപയോഗിച്ച സമഗ്രികളുടെ വില തിട്ടപ്പെടുത്തിയതെങ്ങനെയെന്ന് വ്യക്തമല്ല.

04.12.2021 - ലെ ഓഡിറ്റ് എൻക്വയറിക്ക് നം. 22/2019-20 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-31 പദ്ധതി നിർവഹണം- സ്പെസിഫിക്കേഷൻ നിശ്ചയിക്കാത്തത്

-

Purchase Of Fire And Safety Equipments And Related Programmes(pr.no.294/20)എന്ന

പ്രോജക്ടിന്റെ നടത്തിപ്പിനായി ബിൽ നം.70/19-20 തീ.07.02.20 പ്രകാരം പ്ലാൻ ഫണ്ടിൽ നിന്ന് ₹ 98,000 ചെലവഴിച്ചു.തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട പദ്ധതി മാർഗ രേഖ,സബ്സിഡി മാർഗ രേഖ എന്നിവയിൽ ഈ പ്രോജക്ട് സംബന്ധിച്ച് പ്രത്യേക പരാമർശങ്ങളില്ല.സാധാരണ തദ്ദേശ

സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാത്ത ഒരു പദ്ധതി നടപ്പിലാക്കണമെങ്കിൽ ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കുന്ന വിദഗ്ധ സമിതിയുടെ അംഗീകാരം വാങ്ങണമെന്ന് ത.സ്വ.ഭ.വകുപ്പിന്റെ 29.01.2018 ലെ11/2018 നമ്പർ ഉത്തരവിന്റെ ഖ. 3.8ൽ(നൂതന പ്രോജക്ടുകളുടെ അംഗീകാരത്തിന് പ്രത്യേക സംവിധാനം) വ്യക്തമാക്കി.ഈരീതിയിൽ , മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിനു മുമ്പായി ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കുന്ന വിദഗ്ധ സമിതിയുടെ അംഗീകാരം വാങ്ങിയിരുന്നുവോയെന്നും ഇതിനാവശ്യമായ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചിരുന്ന- വോയെന്നും ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള(നം.09/2019-20)മറുപടിയിൽമേൽ ഉത്തരവ് ശ്രദ്ധയിൽ പെട്ടിരുന്നില്ലെന്നും സ്പെസിഫിക്കേഷൻ നിശ്ചയിക്കാതെ സാധാരണ സാധനങ്ങൾ വാങ്ങുന്നതുപോലെയാണ് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നതെന്നുമാണ് അറിയിച്ചിരിക്കുന്നത്.പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പായി നിർവഹണം സംബന്ധിച്ച ഉത്തരവുകൾ ശ്രദ്ധിക്കുകയും പൊതു പണം ചെലവഴിക്കുന്നതിൽ ജാഗ്രത പാലിക്കേണ്ടതുമാണ്.

## 1-32 മരുന്നു വാങ്ങൽ- കാലഹരണ തീയതി സംബന്ധിച്ച്

ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോഗ്രാം(പ്രോ.നം.127/20)എന്നപ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി,സുൽത്താൻബത്തേരിയിൽ നിന്ന്₹134392/(ബിൽ നം.32/19-20/26-08-19—ടിഎസ് പി)ചെലവഴിച്ച് മരുന്നു വാങ്ങി.ഇൻവോയ്സ് നം.15302/02-08-2019 പ്രകാരം സപ്ലൈ ചെയ്ത മരുന്നുകളുടെ കാലഹരണ തീയതി പരിശോധിച്ചതിൽ പലതും സമീപ ഭാവിയിൽ കാലഹരണപ്പെടുന്നതായി കണ്ടു.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

മരുന്നിന്റെ പേര് കാലഹരണ തീയതി

RISPOND 4mg Tab 08/2020

SIZODON 1mg Tab 12/2020

DONEP10mg Tab 01/2020

TORVATE CHROND 200mg Tab 12/2019

മരുന്നു സപ്ലൈ ചെയ്യാൻ ഓർഡർ നല്കുമ്പോൾ കാലഹരണ തീയതി സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നല്കാറുണ്ടോ എന്നതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നം.08/2019-20) മറുപടിയിൽ ഒരു സമയം മൂന്നുമാസത്തേയ്ക്കുള്ള മരുന്നുമാത്രമേ വാങ്ങാറുള്ളുവെന്നും എന്നാൽ മരുന്നുകളുടെ കാലഹരണ തീയതി സംബന്ധിച്ച് പ്രത്യേക നിർദ്ദേശമൊന്നും നല്കാറില്ലെന്നും അറിയിച്ചു.ഭാവിയിൽ കാലഹരണ തീയതി സംബന്ധിച്ച നിർദ്ദേശം നല്കുന്നതാണെന്നും അറിയിച്ചു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 വീട് വാസ യോഗ്യമാക്കൽ ടി.എസ്.പി - ₹ 5000/- കൂടുതൽ നൽകി

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-204/20 വീട് വാസ യോഗ്യമാക്കൽ ടി.എസ്.പി |
| അടങ്കൽ | ₹2075000/- (വികസനം ടി.എസ്.പി) |
| ചെലവ് | ₹1269400/- |
| ബിൽ നം/തിയ്യതി | 1/19-20/10.05.19 – ₹2,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ താഴെ പറയുന്ന

ബില്ലുകളിലായി മഞ്ജുഷ,കൊട്ടനാട്, മൂലങ്കാവ് എന്ന ഗുണഭോക്താവിന് ₹50000/- നൽകി.

ട്രഷറി ബിൽ നം.32/18-19/19.12.2018 & 3/19-20/29.06.2019

എന്നാൽ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ എഇ/എൽഎസ്ജിഡി/എൻഎൽപി/18-19 ാം നമ്പർ വാല്യുവേഷൻ പ്രകാരം ₹45000/- യുടെ പ്രവൃത്തി പൂർത്തീകരിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/19-20/04.12.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വാല്യുവേഷനിൽ കൂടുതൽ നൽകിയ ₹ 5000/- രൂപ നിരാകരിക്കുന്നു.

## 3-2 കൺമണി പദ്ധതി - പദ്ധതി മാർഗ്ഗരേഖ ലംഘനം.

പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കൊണ്ട് തൻ വർഷം രണ്ട് പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വിവിധ എൽ.പി. സ്കൂളുകളിൽ പഠിക്കുന്ന 9 - 12 വയസ് പ്രായപരിധിയിലുള്ള പട്ടിക വർഗ്ഗ വിഭാഗത്തിൽപെടുന്ന 50 വിദ്യാർത്ഥികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

- തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളെ വിവിധ മത്സര പരീക്ഷകൾ എഴുതാൻ പ്രാപ്തരാക്കുക.
- കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തൽ.
- വളരെ ചെറിയ പ്രായത്തിൽ തന്നെ ഭാവി വിദ്യാഭ്യാസം സംബന്ധിച്ച് കുട്ടികളിലും കുടുംബത്തിനും ധാരണ ഉണ്ടാക്കുക.
- കുട്ടികളുടെയും കുടുംബത്തിന്റെയും സാമൂഹികവും വൈകാരികവുമായ വാലിഡേഷൻ സാധ്യമാക്കുക

എന്നിവയാണ് പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ. ആഴ്ചയിൽ രണ്ട് ദിവസം (ശനി, ഞായർ) ഗ്രാമപഞ്ചായത്തിലെ ഒരു കേന്ദ്രത്തിൽ വിദ്യാർത്ഥികളെ എത്തിച്ച് പരിശീലനം നൽകുകയാണ് ചെയ്തിട്ടുള്ളത്.

രണ്ട് പ്രോജക്ടുകളിലുമായി ആകെ ചെലവ് ₹37,77,767/- ആണ്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പറും പ്രോജക്ടിന്റെ പേരും | എസ്.0198/20, കൺമണി പദ്ധതി | എസ്.0326/20, കൺമണി രണ്ടാം ഘട്ടം |
|---|---|---|
| അടങ്കൽ | ₹10,00,000/- (2019-20 - വർഷത്തേക്കുള്ള വകയിരുത്തൽ) | ₹30,00,000/- |
| ഫണ്ട് | വികസന ഫണ്ട് -ടി.എസ്.പി. | വികസന ഫണ്ട് -ടി.എസ്.പി. |
| ചെലവ് | ₹9,98,824/-(ട്രഷറി ബിൽ നം, 04/19-20, 18.09.2019) | 1)₹7,74,326/-(ട്രഷറി ബിൽ നം, 06/19-20, 02.10.2019)<br>2)₹5,98,330/-(ട്രഷറി ബിൽ നം, 10/19-20, 24.12.2019)<br>3)₹97,000/-(ട്രഷറി ബിൽ നം, 14/19-20, 24.12.2019)<br>4)2,81,605/-(ട്രഷറി ബിൽ നം, 18/19-20, 26.02.2020)<br>5)₹4,78,102/-(ട്രഷറി ബിൽ നം, 22/19-20, 12.03.2020)<br>6)₹2,23,200/--(ട്രഷറി ബിൽ നം, 27/19-20, 30.03.2020)<br>ആകെ ചെലവ്:₹27,78,942/- |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 1 | ഹോണറേറിയം | ₹15,28,500/- |
| 2 | ഹോട്ടൽ മുഖേന ഭക്ഷണം | ₹4,19,928/- |
| 3 | വാഹന വാടക | ₹7,45,660/- |
| 4 | വീട് വാടക | ₹2,08,000/- |
| 5 | നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് ചെലവഴിച്ചത് | ₹4,13,178/- |
| 6 | പ്രിന്റിംഗ് ചാർജ് | ₹1,37,835/- |
| 7 | മറ്റ് ചെലവുകൾ | ₹3,24,666/- |
| ആകെ | | ₹37,77,767/- |

പ്രോജക്ടുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) പ്രോജക്ട് പ്രകാരം ഹോണറേറിയം ഇനത്തിൽ ₹15,28,500/- ചെലവഴിച്ചു. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം (സ.ഉ.(കൈ)നം. 22/2018/തസ്വഭവ, തീയതി: 14.02.2018) പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല. പദ്ധതി മാർഗ്ഗ രേഖ പ്രകാരം (സ.ഉ. (കൈ)നം. 11/2018/തസ്വഭവ, തീയതി: 29.01.2018) സന്നദ്ധ പ്രവർത്തകരായ യുവതി യുവാക്കൾ അധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് പഠന പരിപാടി ആവിഷ്കരിക്കേണ്ടതാണ്.

2) ഭക്ഷണം, വാഹന വാടക, പ്രിന്റിംഗ് എന്നീ ഇനങ്ങളിൽ വലിയ തുക ചെലവഴിച്ചു. ആയതിന് ടെണ്ടർ/ക്വട്ടേഷൻ വിളിച്ചിട്ടില്ല.

3) വാടക നൽകിയ വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല. ഭക്ഷണ ചെലവിന്റെ പല സബ് വൗച്ചറുകളിലും ഏതൊക്കെ ദിവസങ്ങളിൽ എത്രപേർക്ക് ഭക്ഷണം നൽകി എന്നത് സംബന്ധിച്ച കൃത്യമായ വിവരങ്ങളില്ല.

4) വീട് വാടകയ്ക്ക് എടുത്തതിന്റെ കരാറുടമ്പടി ഹാജരാക്കിയിട്ടില്ല.

5) നിർവ്വഹണ ഉദ്യോഗസ്ഥൻ ₹4,13,178/- നേരിട്ട് ചെലവഴിച്ചു. നേരിട്ട് ഭക്ഷണം തയ്യാറാക്കി നൽകൽ, ക്ലീനിംഗ്, സ്റ്റേഷനറി സാധനങ്ങൾ വാങ്ങൽ, ഫോട്ടോ, വിദ്യാർത്ഥികളെ പരീക്ഷ എഴുതിക്കാൻ കൊണ്ടുപോയതിന്റെ ചെലവുകൾ തുടങ്ങിയ കാര്യങ്ങൾക്കാണ് പണം ചെലവഴിച്ചത്. ₹1000/-രൂപയിൽ അധികം വരുന്ന ചെലവ് പണമായി നൽകാൻ പാടില്ല എന്ന സ.ഉ. (പി) നം. 177/2006/ധനം/ 12.04.2006 ഖണ്ഡിക 8 പ്രകാരമുള്ള നിബന്ധനയും പാലിച്ചിട്ടില്ല. മേൽ പറഞ്ഞ ചെലവുകളുടെ ആകെ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയും അതിൽ നിന്ന് പിൻവലിച്ച് പേയ്മെന്റ് നടത്തുകയുമാണ് ചെയ്തിട്ടുള്ളത്.

6) തിരഞ്ഞെടുത്ത 50 വിദ്യാർത്ഥികൾക്കാണ് ₹37,77,767/- ചെലവഴിച്ചത്. ₹75,555/- രൂപ വീതം ഓരോ കുട്ടിക്കും ചെലവഴിച്ചു. കുട്ടികളെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്ന് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് കൊണ്ടുണ്ടായ നേട്ടങ്ങൾ സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

7) ട്രഷറി ബിൽ നം. 10/19-20, 24.12.2019 പ്രകാരം ചെലവഴിച്ച ₹5,98,330/- -യിൽ ₹2,72,250/- ജൂൺ/2019, ജൂലൈ/2019, ആഗസ്റ്റ്/2019 എന്നീ മാസങ്ങളിലെ ഭക്ഷണം വിതരണം ചെയ്തതിന് ഷെറിൻസ് എന്ന ഹോട്ടൽ ഉടമയ്ക്ക് നൽകിയ തുകയാണ്. സബ് വൗച്ചർ പ്രകാരം ₹165/- രൂപയാണ് ഭക്ഷണത്തിന്റെ നിരക്ക്. 50 വിദ്യാർത്ഥികൾക്കാണ് ഭക്ഷണം നൽകിയത്. അറ്റന്റൻസ് രജിസ്റ്റർ പ്രകാരം പ്രസ്തുത മാസങ്ങളിൽ ആകെ 32 ദിവസങ്ങളാണ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയത്. ഈ കലയളവിൽ ആകെ 51 ഹാജർ കുറവുണ്ട്. ആയത് പ്രകാരം ആകെ ഭക്ഷണത്തിന്റെ ആകെ തുക ₹2,55,585/- യാണ് [(50 X 165 X 32) - (51 X 165)] വരിക. ആയത് പ്രകാരം ₹16,665/- (2,72,250 - 2,55,585) അധികം നൽകി.

30.11.2021 -ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 02 /2019-20 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭക്ഷണം വാങ്ങി നൽകിയ ഇനത്തിൽ അധികം നൽകിയ തുക ₹16,665/- നിരാകരിക്കുന്നു. ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ ബാക്കി ചെലവ് തുക ₹37,94,432/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2019-20 | 482100 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 482100 | 0 |
| ജില്ല പഞ്ചായത്ത് | 2019-20 | 4436980 | നെൽകൃഷി കൂലി ചെലവ് സബ്സിഡി (ജനറൽ) | 4436980 | 0 |
| ജില്ല പഞ്ചായത്ത് | 2019-20 | 300000 | നെൽകൃഷി കൂലി ചെലവ് സബ്സിഡി (എസ്.സി.പി.) | 300000 | 0 |
| ജില്ല പഞ്ചായത്ത് | 2019-20 | 1880000 | നെൽകൃഷി കൂലി ചെലവ് സബ്സിഡി (ടി.എസ്.പി.) | 1880000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1769968 | നെൽകൃഷി കൂലി ചെലവ് സബ്സിഡി (ജനറൽ) | 1769968 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 193292 | നെൽകൃഷി കൂലി ചെലവ് സബ്സിഡി (എസ്.സി.പി.) | 193292 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 609247 | നെൽകൃഷി കൂലി ചെലവ് സബ്സിഡി (ടി.എസ്.പി.) | 609247 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 798743 | പാലിന് സബ്സിഡി (ജനറൽ) | 798743 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 104839 | പാലിന് സബ്സിഡി (ടി.എസ്.പി.) | 104839 | 0 |
| ആകെ | | 10575169 | | 10575169 | 0 |

സെക്രട്ടറി ലഭ്യമാക്കിയ വിവരമാണ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ₹36,01,126/- ബാക്കിയുണ്ട് (ബി 4 ഷെഡ്യൂൾ). അയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-2 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സാഫല്യം ലോൺ, ഗ്രാമീണ ഭവന നിർമ്മാണ പദ്ധതി | സ.ഉ.(എം.എസ്.) നം. 83/13/തസ്വഭവ, തീയതി: 11.03.2013 | 2,00,00,000/- | 93,30,564/- | 1288147 | 811853 | |
| കെ. യു. ആർ. ഡി. എഫ്. സി. ലോൺ, ലൈഫ് ഭവന നിർമ്മാണ | സ.ഉ.(എം.എസ്.) നം. 2278/18/തസ്വഭവ, തീയതി: 18.08.2018 | 1,52,71,717/- | 7935287 | 1132353 | -- | 12506647 |

| പദ്ധതി | | | | | | |
|---|---|---|---|---|---|---|

• ഗ്രാമപഞ്ചായത്തിന്റെ ലോൺ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.

## 4-3 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-4 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-5 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | -- | 2003-04 | 3-12(5) | കൽക്കെട്ട് മൂല ചെക്ക് ഡാം നിർമ്മാണം. | ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിയമസഭ സമിതിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 2016-17 | 2-2 | 2017-18 | 1.12.3 | റിസോർട്ടുകളെ ലോഡ്ജ് ആയി കണക്കാക്കി നികുതി നിർണ്ണയിച്ചു. | -- |
| 2016-17 | 2-4 | 2017-18 | 1.12.5 | സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, ആയുർവേദ കേന്ദ്രങ്ങൾ എന്നിവയ്ക്ക് അടിസ്ഥന വസ്തു നികുതി നിശ്ചയിച്ചിട്ടില്ല. | -- |

## 4-6 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹11,55,60,121/- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹8,89,50,538/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹21,665/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹45,45,266/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹5000/- | ശ്രീ. ബിജു കെ.ജെ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-2 | ₹16,665/- | ശ്രീ. സുരേന്ദ്രൻ കെ.എ., ഹെഡ്മാസ്റ്റർ |
| ആകെ | ₹21,665/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-13 | ₹37,94,432/- | ശ്രീ. സുരേന്ദ്രൻ കെ.എ., ഹെഡ്മാസ്റ്റർ |
| 1-14 | ₹4,60,610/- | ശ്രീ. സുരേന്ദ്രൻ കെ.എ., ഹെഡ്മാസ്റ്റർ |
| 1-21 | ₹2,00,000/- | ശ്രീ. ബിജു കെ.ജെ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-25 | ₹90,224/- | ശ്രീ. ശ്രീജിത്ത് എസ്. |
| ആകെ | ₹45,45,266/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-13

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബിജു കെ.ജെ. | -- | കിഴക്കേതിൽ വീട്,<br>കൽപ്പറ്റ പി.ഒ.<br>വയനാട്. - 673121 |
| ശ്രീ. സുരേന്ദ്രൻ കെ.എ. | -- | കുണേരി വീട്,<br>കാക്കവയൽ പി.ഒ.,<br>സുൽത്താൻ ബത്തേരി<br>വയനാട്. |

## 4-7 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച<br>ഏറ്റവും ഒടുവിലത്തെ<br>കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ. എഫ് (ഡബ്ല്യു) P4-966/08(1),06.09.2008 |
| 1999-2000 | എൽ. എഫ് (ഡബ്ല്യു) P4-351/18. 21.05.2018 |
| 2000-01 | എൽ. എഫ് (ഡബ്ല്യു) പി1-188/02,07.06.2003 |
| 2001-02 (പ്ലാൻ) | എൽ. എഫ് (ഡബ്ല്യു) P3-467/04,14.10.2004 |
| 2001-02 | എൽ. എഫ് (ഡബ്ല്യു) P4-406/05, 08.01.2008 |
| 2002-03 | എൽ. എഫ് (ഡബ്ല്യു) പി4-107/07, 12.02.2008 |
| 2003-04 | എൽ. എഫ് (ഡബ്ല്യു) P4-661/08(1), 04.12.2008 |
| 2004-05 | എൽ. എഫ് (ഡബ്ല്യു) P4-351/18, 21.05.2018 |
| 2005-06 | എൽ. എഫ് (ഡബ്ല്യു) P4-66/08 . 11/06/2019 |
| 2006-07 | എൽ. എഫ് (ഡബ്ല്യു) P4-841/09. 8.1.10 |
| 2007-08 | എൽ. എഫ് (ഡബ്ല്യു) P4-842/09/ 7.1.10 |
| 2008-09 | എൽ. എഫ് (ഡബ്ല്യു) P4-388/11/ 1.10.11 |
| 2009-10 | എൽ. എഫ് (ഡബ്ല്യു) P4-461/11/ 11/06/2019 |
| 2010-11 | എൽ. എഫ് (ഡബ്ല്യു) P4-796/13,19.07.2013 |
| 2011-12 & | എൽ. എഫ് (ഡബ്ല്യു) P5-506/14, 11.06.2019 |

| | |
|---|---|
| 2012-13 | |
| 2013-14 | കെ. എസ്. എ (ഡബ്ല്യു.വൈ.ഡി )-P4-475/15, 17.08.2016 |
| 2014-15 | കെ. എസ്. എ (ഡബ്ല്യു.വൈ.ഡി )-P4-429/16 ,25.03.2017 |
| 2015-16 | കെ. എസ്. എ (ഡബ്ല്യു.വൈ.ഡി )-P4-880/16 , 15.03.2019 |
| 2016-17 | കെ. എസ്. എ (ഡബ്ല്യു.വൈ.ഡി)-പി4- 575/17,16.10.2018 |
| 2017-18 | കെ. എസ്. എ (ഡബ്ല്യു.വൈ.ഡി)-പി4 -874/18, 02/08/2019 |
| 2018-19 | കെ. എസ്. എ (ഡബ്ല്യു.വൈ.ഡി)-പി4 -772/19, 08/02/2020 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്